പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2666** **18.06.2018-ൽ മറുപടിക്ക്**

## എരഞ്ഞോളി പാലത്തിന്റെ നിലവിലുള്ള അവസ്ഥ

**ചോദ്യം**
**ശ്രീ. എ.എൻ. ഷംസീർ**

**മറുപടി**
**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി പാലത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ;

(എ) സംസ്ഥാനപാത 30-ൽ പെട്ടതും അന്തർസംസ്ഥാന പാതയുമായ തലശ്ശേരി -കൂർഗ്ഗ് റോഡിൽ ജില്ലാ അതിർത്തിയായ കൂട്ടുപുഴവരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തി ലോകബാങ്കിന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിലൂടെ 2013 മുതൽ നടപ്പിലാക്കി വരുന്നു. വിവിധങ്ങളായ കാരണത്താൽ 22/04/2015-ന് കോൺട്രാക്ടറുടെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ ആദ്യത്തെ കരാറുടമ്പടി അവസാനിപ്പിച്ചു. പ്രസ്തുത പദ്ധതിയിൽ 32 മീറ്റർ നീളത്തിൽ 2 സ്പാനോടുകൂടിയതും 1.70 മീറ്റർ ഉയരത്തിലും എരഞ്ഞോളി പാലം നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മേൽ കാലയളവിൽ തന്നെ പാലത്തിന്റെ പൈലിംഗ് പ്രവൃത്തി, എബർട്ട്മെന്റ് പിയർ, 10 എണ്ണത്തിൽ 7 ഗർഡറുകൾ എന്നിവ പൂർത്തീകരിച്ചു. ഏകദേശം 1.83 കോടി രൂപ ഇതുവരെ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മിക്കുന്ന പുഴ ദേശീയ ജലപാതയായി പ്രഖ്യാപിക്കാൻ സാധ്യതയുണ്ടെന്നും ആയതിനാൽ ദേശീയ ജലപാതചട്ടം അനുസരിച്ച് മാത്രമേ പാലം നിർമ്മിക്കാവൂ എന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് അറിയിച്ചതിനാൽ പാലത്തിന്റെ തുടർ പ്രവൃത്തികളെല്ലാം നിർത്തിവയ്ക്കുകയായിരുന്നു. ജലപാതചട്ടം അനുസരിച്ച് പാലം നിർമ്മിക്കുമ്പോൾ

പാലത്തിന്റെ ഉയരം 6.0 മീറ്ററായും ക്രമാനുഗതമായി നീളവും വർദ്ധിക്കുകയും അതുവഴി അപ്രോച്ച് റോഡിനും സർവ്വീസ് റോഡിനും മറ്റുമായി ഏകദേശം 1.76 ഏക്കർ ഭൂമി അധികമായി ഏറ്റെടുക്കേണ്ടി വരുന്നതുമാണ്. 08/01/2018-ലെ ജി.ഒ(ആർ.ടി) 62/18/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എരഞ്ഞോളി തിരുവങ്ങാട് എന്നീ വില്ലേജുകളിലെ 53 കൈവശക്കാരിൽ നിന്നുമാണ് ഭൂമി ഏറ്റെടുക്കേണ്ടത്. പ്രസ്തുത ഭൂമിയിൽ 21 കടമുറികളും 1 വീടും ഉൾപ്പെടുന്നുണ്ട്. സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയുടെ പ്രാരംഭ നടപടികളും സർവ്വെയും പൂർത്തീകരിച്ച് അർത്ഥനാപത്രം തുടർനടപടികൾക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) ദേശീയ ജലപാതചട്ടം അനുസരിച്ചുള്ള പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം ഭേദഗതി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൂഫ് ചെക്കിങ്ങിനായി കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് കിട്ടുന്ന മുറയ്ക്ക് മാത്രമേ പാലത്തിന്റെ പണി ആരംഭി-ക്കുവാൻ കഴിയുകയുള്ളൂ ഇതോടൊപ്പം തന്നെ ആർ.എഫ്.സി.ടി. എൽ.എ ആന്റ് ആർ.ആർ ആക്ട് 2013 അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരി-ക്കുന്നതാണ്.

S. Bindu

സെക്ഷൻ ഓഫീസർ